'ഭരണഭാഷ- മാതൃഭാഷ'

15 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ലയിൽ തിരുവല്ല നഗരസഭയിൽ പുതിയ സ്ലോട്ടർ ഹൗസും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്-2019 ചട്ടം 3(4) പ്രകാരമുള്ള ഇളവ് അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ്

**സ.ഉ.(സാധാ) നം.456/2020/ത.സ്വ.ഭ.വ** തീയതി,
തിരുവനന്തപുരം, 24/02/2020

---

പരാമർശം:- 1 പത്തനംതിട്ട ജില്ലാ നഗരാസൂത്രകന്റെ 04.12.2019-ലെ TCPPTA/564/2019-C നമ്പർ കത്ത്.

2 മുഖ്യ നഗരാസൂത്രകയുടെ 18.01.2020-ലെ TCPCTP/2724/2019-C3 നമ്പർ കത്ത്.

ഉത്തരവ്

1) പത്തനംതിട്ട ജില്ലയിൽ തിരുവല്ല നഗരസഭയിൽ നിലവിൽ നഗരസഭയുടെ തന്നെ സ്ലോട്ടർ ഹൗസ് പ്രവർത്തിക്കുന്ന പ്ലോട്ടിൽ പുതിയ സ്ലോട്ടർ ഹൗസും അനുബന്ധ കെട്ടിടങ്ങളും നിർമ്മിക്കുന്നതിന് കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ്-2019 ചട്ടം 3(4) പ്രകാരമുള്ള ഇളവ് ലഭ്യമാക്കുന്നതിന് അനുമതി നല്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം പത്തനംതിട്ട ജില്ലാ നഗരാസൂത്രകൻ മുഖ്യ നഗരാസൂത്രകയ്ക്ക് ശിപാർശ സമർപ്പിച്ചിരുന്നു.

2) നിലവിലുള്ള സ്ലോട്ടർ ഹൗസ് പൊളിച്ച് മാറ്റിയാണ് പുതിയ നിർമ്മാണം നടത്തുന്നതെന്നും ടി പ്രദേശത്ത് നഗരാസൂത്രണ പദ്ധതികളൊന്നും ബാധകമല്ലെന്നും FAR, Coverage എന്നിവ അനുവദനീയമായ പരിധിക്കുള്ളിലാണെന്നും പ്രസ്തുത ശിപാർശയിൽ വ്യക്തമാക്കിയിരുന്നു. പ്രസ്തുത നിർമ്മിതിക്ക് ചുവടെപ്പറയുന്ന ചട്ടലംഘനങ്ങളുണ്ടെന്ന് പത്തനംതിട്ട ജില്ലാ നഗരാസൂത്രകൻ ചൂണ്ടിക്കാട്ടിയിരുന്നു.

1. പ്ലോട്ടിലേക്കു 5 മീറ്റർ വഴി ആവശ്യമുള്ളിടത്ത് 4.60 മീറ്റർ, 4.80മീറ്റർ എന്നിങ്ങനെ മാത്രമേ വഴി ലഭ്യമാകുന്നുള്ളൂ.

2. Rendering unit, Buffalo Lairage എന്നിവക്ക് ചട്ടം 26(4) പ്രകാരമുള്ള ഓപ്പൺ സ്പേസ് ലഭ്യമല്ല.

3. Sanitation facilities, Ground water recharging arrangements, provision for in situ liquid waste treatment plant, recycling and reusing of waste water എന്നിവക്കുള്ള സൗകര്യങ്ങൾ നൽകിയിട്ടില്ല.

4) നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന സ്ലോട്ടർ ഹൗസെന്ന നിലയിൽ 34,76(1),79(1) എന്നീ ചട്ടങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ കെ.എം.ബി.ആർ.2019-ലെ 26(4), 27 എന്നീ ചട്ടങ്ങളിൽ ഇളവ് അനുവദിക്കുന്നതിന് ജില്ലാ ടൗൺ പ്ലാനർ ശിപാർശ ചെയ്തിരുന്നു.

5) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 3(4) പ്രകാരം, പൊതു ആവശ്യത്തിനായി സർക്കാരോ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ, സർക്കാർ സ്ഥാപനങ്ങളോ നടത്തുന്ന കെട്ടിട നിർമ്മാണങ്ങൾക്ക് മുഖ്യനഗരാസൂത്രകനുമായി കൂടി ആലോചിച്ച് നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ നിന്നും ഒഴിവാക്കുന്നതിന് സർക്കാരിന് അധികാരം നൽകി വ്യവസ്ഥ

ചെയ്തിട്ടുണ്ട്.

5) അതിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം മുഖ്യ നഗരാസൂത്രക ശിപാർശ ലഭ്യമാക്കിയിരുന്നു. നഗരസഭയുടെ നിർമ്മാണമായതിനാലും ജില്ലാ ടൗൺ പ്ലാനർ ശിപാർശ ചെയ്തിട്ടുള്ളതിനാലും നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സ്ലോട്ടർ ഹൗസെന്ന് പരിഗണന നല്കിയും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടങ്ങൾ 34,76(1),79(1) എന്നീ ചട്ടങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ചട്ടങ്ങൾ 28(1),26(4) എന്നിവയ്ക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 3(4) പ്രകാരം ഇളവനുവദിക്കാമെന്ന് മുഖ്യ നഗരാസൂത്രക ശിപാർശ ചെയ്തിട്ടുണ്ട്.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യ നഗരാസൂത്രക ശിപാർശ ചെയ്തത് പ്രകാരം കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടങ്ങൾ 34,76(1),79(1) എന്നീ ചട്ടങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ചട്ടങ്ങൾ 28(1),26(4) എന്നിവയ്ക്ക് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ -2019 ലെ ചട്ടം 3(4) പ്രകാരം ഇളവനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സജുകുമാർ എൻ**
**ഡെപ്യൂട്ടിസെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ചീഫ് ടൗൺ പ്ലാനർ, തിരുവനന്തപുരം.
ടൗൺ പ്ലാനർ, പത്തനംതിട്ട.
സെക്രട്ടറി, പത്തനംതിട്ട മുനിസിപ്പാലിറ്റി
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ